ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി: അവശ ക്രിസ്ത്യാനികൾക്കു രണ്ടു തലമുറകൾക്കു മാത്രമേ ഈ സൗജന്യം കൊടുക്കുകയുള്ളു എന്നു മദ്രാസ് ഗവണ്മെൻറിൽ നിയമം ഇല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ഗവണ്മെൻറുവക കെട്ടിടങ്ങൾ.

*566. [18] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഉപയോഗശൂന്യമായിക്കിടക്കുന്ന ഗവണ്മെൻറുവക കെട്ടിടങ്ങൾ ഉണ്ടെങ്കിൽ, അവ ഏവിടെയെല്ലാമാണെന്നും, ആകെ എത്രയുണ്ടെന്നും പറയുമോ ;

(ബി) കോട്ടയത്തു് ചന്തക്കടവിൽ ഗവണ്മെൻറുവക ഒരു കെട്ടിടം അടച്ചുപൂട്ടിയിട്ടിട്ടു് എത്ര വർഷമായി ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) പി. ഡബ്ലിയു. ഡി. യുടെ അധീനതയിൽ ഉള്ളതിൽ രണ്ടെണ്ണം; അതായതു്;

(1) പൊൻമുടിയിലെ "നാലുകെട്ടു്" എന്ന കെട്ടിടം.

(2) മാച്ചാർ തുരുത്തിയിലുള്ള എക്സൈസ് സ്റ്റേഷൻ കെട്ടിടം. (മറു ഡിപ്പാർട്ടുമെൻറുകളുടെയെല്ലാം അധീനതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ നൽകുന്നതിനു കൂടുതൽ സമയം ആവശ്യമാണു്).

(ബി) പ്രസ്തുത കെട്ടിടം കോട്ടയം പി. ഡബ്ലിയു. ഡി. ഡിവിഷൻ ആഫീസ്സിൻറെ സ്റ്റോർ ആയിട്ടു് ഉപയോഗിച്ചുവരികയാണു്.

ശ്രീ. പി. എം. മക്കോസ് : ഈ കെട്ടിടം 20 കൊല്ലങ്ങളായി പൂട്ടിയിട്ടിരിക്കുകയാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : സ്റ്റോർ ആയതുകൊണ്ടു് ഏതാണ്ടു് ഒരു കൊല്ലം തുറക്കണമെന്നില്ല.

ഇലക്ട്രിക് ലൈൻ നീട്ടുന്ന പണി.

*567. [19] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക് ലൈൻ നീട്ടുന്നതിനു ഇക്കൊല്ലം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള എല്ലാ പണികളും ഇക്കൊല്ലംതന്നെ നടത്താൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മുണ്ടക്കയത്തേയ്ക്കു് ലൈൻ നീട്ടുന്നതു സംബന്ധിച്ചു് എന്തെങ്കിലും പണി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നു് ആരംഭിക്കും?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly